"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഹോമിയോപ്പതി വകുപ്പ് - തിരുവനന്തപുരം ചെമ്മരുതി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ പാർട്ട്-ടൈം-സ്വീപ്പർ ശ്രീമതി ഷൈലജാ കുമാരിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (സി) വകുപ്പ്

സ.ഉ.(സാധാ) നം.163/2025/AYUSH തീയതി, തിരുവനന്തപുരം, 27-03-2025

---

പരാമർശം:- (1) സ.ഉ.(പി)നം.08/2017/ഉ.ഭ.പ.വ. തീയതി 05/07/2017.

(2) സ.ഉ.(പി)നം.13/2023/പി.&എ.ആർ.ഡി. തീയതി 20/07/2023.

(3) 07/12/2023, 16/03/2024, 15/04/204, 15/05/2024 എന്നീ തീയതികളിലെ ശ്രീമതി ഷൈലജാകുമാരി പി. [redacted] സമർപ്പിച്ച അവധി അപേക്ഷകൾ.

(4) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 17/10/2024-ലെ DHTVM/1306/2024-EB1 - നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ചെമ്മരുതി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ പാർട്ട്-ടൈം-സ്വീപ്പർ ശ്രീമതി ഷൈലജാ കുമാരിയ്ക്ക് 07/12/2023 മുതൽ 13/06/2024 വരെ മെഡിക്കൽ ഗ്രൗണ്ടിൽ 190 ദിവസങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(3) പ്രകാരം സമർപ്പിച്ച അവധി അപേക്ഷകൾ, ആയത് അനുവദിച്ച് ഉത്തരവാകുന്നതിനായി ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം-(1)-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് പ്രത്യേക സാഹചര്യങ്ങളിൽ/മെഡിക്കൽ ആവശ്യങ്ങൾക്ക് ഒരു കലണ്ടർ വർഷം 120 ദിവസങ്ങൾ വരെ നിയമനാധികാരിക്കും, അതിനു മുകളിൽ 240 ദിവസങ്ങൾ വരെ ഭരണ വകുപ്പുകൾക്കും ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ്. ആയതിനാൽ, മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ വെളിച്ചത്തിലും, ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(4) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെയും, രേഖകളുടേയും വെളിച്ചത്തിലും, തിരുവനന്തപുരം ചെമ്മരുതി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ പാർട്ട്-ടൈം-സ്വീപ്പർ ശ്രീമതി ഷൈലജാ കുമാരിയ്ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ 01/01/2024 മുതൽ 13/06/2024 വരെ

പരാമർശം-(2) ഉത്തരവിലെ വ്യവസ്ഥകൾ കൂടി പാലിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ 165 ദിവസങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി ഷൈലജാ കുമാരി, പാർട്ട്-ടൈം-സ്വീപ്പർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, ചെമ്മരുതി, തിരുവനന്തപുരം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പ്. (19/03/2025-ലെ റൂൾസ്-2/58/2025-പി&എആർഡി - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/225/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 27-03-2025 11:51:06

സെക്ഷൻ ഓഫീസർ.